സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ്‌ലോങ് എജ്യുക്കേഷൻ-കേരള, (സ്കോൾ-കേരള)

തിരുവനന്തപുരം-12

# ഡയറക്ടർ തസ്തികയിലേക്കുള്ള നിയമനം

**നം. എ1/3437/2023/സ്കോൾ-കേരള** **തീയതി: 20.10.2023**

## വിജ്ഞാപനം

കേരള സർക്കാർ, പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എജ്യുക്കേഷൻ-കേരളയിൽ (സ്കോൾ-കേരള) ഡയറക്ടർ (അക്കാദമിക്, എക്സാമിനേഷൻസ് & ഇവാല്യുവേഷൻ- ഡിവഷൻ) തസ്തികയിലെ ഒരു ഒഴിവിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിക്കുന്നു.

ടി തസ്തികയിലേക്കുള്ള യോഗ്യതകളും മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു.

1) സ്കോൾ-കേരള വെബ് സൈറ്റിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്ന തീയതിയിൽ അപേക്ഷകന് 40 വയസ്സ് പൂർത്തിയായിരിക്കണം.
2) സർക്കാർ/എയ്ഡഡ് സ്കൂളിലെ ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി (നോൺ വൊക്കേഷണൽ) അധ്യാപകർക്ക് അപേക്ഷിക്കാം.
3) കുറഞ്ഞത് 10 വർഷത്തെ അധ്യാപന പരിചയം ഉണ്ടായിരിക്കണം.
4) അക്കാദമിക പ്രവർത്തനങ്ങളിൽ ഒരു വർഷത്തിൽ കുറയാത്ത പ്രവർത്തന പരിചയം ഉണ്ടായിരിക്കണം.
5) ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾക്കും സ്കോൾ-കേരളയുടെ ചട്ടങ്ങൾക്കും അനുസൃതമായിരിക്കും നിയമനം.

യോഗ്യരായ അപേക്ഷകർ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ, വിശദമായ ബയോഡാറ്റ, യോഗ്യതകൾ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം **സെക്രട്ടറി, സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എജ്യുക്കേഷൻ കേരള (സ്കോൾ-കേരള) വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം- 12** എന്ന വിലാസത്തിൽ രജിസ്റ്റേർഡ് പോസ്റ്റായി അയയ്ക്കേണ്ടതാണ്. അപേക്ഷ അയയ്ക്കുന്ന കവറിന് പുറത്ത് **സ്കോൾ-കേരള ഡയറക്ടർ (അക്കാദമിക്, എക്സാമിനേഷൻസ് & ഇവാല്യുവേഷൻ- ഡിവിഷൻ)** തസ്തികയിലെ തെരഞ്ഞെടുപ്പിനുള്ള അപേക്ഷ എന്ന് രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷകൾ ലഭിക്കാനുള്ള അവസാന തീയതി 04.11.2023 വൈകുന്നേരം 5 മണി ആയിരിക്കും. അപേക്ഷ secy.scole@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലും അയക്കാവുന്നതാണ്. എന്നാൽ അപേക്ഷയുടെ ഹാർഡ് കോപ്പി ടി സമയപരിധിക്കകം മേൽപ്പറഞ്ഞ വിലാസത്തിൽ ലഭിച്ചിരിക്കണം. നിശ്ചിത തീയതിക്കും സമയപരിധിക്കും ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(ഓഫീസ് സീൽ)

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA - SCOLE-KERALA
Vidhya Bhavan
Poojappura
Thiruvananthapurm
695012

**സെക്രട്ടറി**